# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>www.ksad.kerala.gov.in</u>

## ഇടവെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA-IDK-9/29/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയതി: 04/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവെട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA-IDK-9/29/2022 തീയ്യതി: 04/03/2022

# ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 15-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി.ആർ .ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2021 | 24-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2021 | 24-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി മരുൺ മാത്യു, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി വിഷ്ണുപ്രിയ കെ., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായാ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സിബി ജോസ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 11-11-2020 | 29-12-2020 |
| ശ്രീമതി.ഷീജ നൗഷാദ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ദേവി പാർവ്വതി എസ് | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.പി.എം.അബ്ദുൾ സമദ് | സെക്രട്ടറി | 16-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്മു ചന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ,ബേബി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീതി.നൈനിമോൽ ഐ.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 09-09-2020 |
| ശ്രീതി.ജൂലി എം.ജോസഫ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-09-2020 | 31-03-2021 |
| ശ്രീ.റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിമല എ.കെ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ വി. പി | വി.ഇ.ഒ., ഇടവെട്ടി | 01-04-2020 | 31-03-2021 |
| ശ്രീ. ഫൈസൽ പി.വി | വി.ഇ.ഒ., തെക്കുംഭാഗം | 01-04-2020 | 06-06-2020 |
| ശ്രീമതി രശ്മി ഇ. എസ്. | വി.ഇ.ഒ.., തെക്കുംഭാഗം | 07-06-2020 | 31-03-2021 |
| ഡോ. അനു സുധാകരൻ | വെറ്ററിനറി സർജൻ | 01-04-2020 | 04-07-2020 |
| ഡോ. മറിയാമ്മ തോമസ് | വെറ്ററിനറി സർജൻ | 05-07-2020 | 31-03-2021 |
| ഡോ. ചിന്റു ടോജൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-08-2020 |
| ഡോ. മെറീന ജോർജ്ജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-09-2020 | 31-03-2021 |
| ഡോ. വികാസ് വിജയൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-9 |
| 10 | വാടക കുടിശ്ശികക്കാരന് വീണ്ടും കെട്ടിടം വാടകയ്ക്ക് നൽകി - നഷ്ടം ₹24,199/- | 1-10 |
| 11 | പെർമിറ്റ് നൽകിയതിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 12 | ലേലം തുടർ നടപടികൾ ചെയ്യാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു | 1-12 |
| 13 | വൗച്ചറുകൾ ജനറേറ്റ് ചെയ്യാതെ തുകകൾ പിൻവലിച്ചത് ക്രമപ്രകാരമല്ല | 1-13 |
| 14 | പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം രണ്ട് തവണ പിൻവലിച്ചത് - ₹15,510/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-14 |
| 15 | ലൈഫ് ഭവന പദ്ധതി | 1-15 |
| 16 | വാഹന വാടക പരിധിയിൽ അധികമായി ചെലവഴിച്ചത് - | 1-16 |
| 17 | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം | 1-17 |
| 18 | തൊഴിലുറപ്പ് പദ്ധതി -തനത് ഫണ്ടിൽനിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-18 |
| 19 | പത്താം തരം, പതിനൊന്നാം തരം തുല്യതാ പരീക്ഷ സംബന്ധിച്ച് | 1-19 |
| 20 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-20 |
| 21 | സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സം ₹7,47,000/- | 1-21 |
| 22 | മരുന്നുകൾ ലഭ്യമായില്ല | 1-22 |
| 23 | പ്രൊക്യൂർമെന്റ് കമ്മിറ്റി | 1-23 |
| 24 | എച്ച്.എം.സി. കണക്കുകൾ സമർപ്പിക്കുന്നില്ല | 1-24 |
| 25 | മോണിട്ടറിംഗ് സമിതി നിർജീവം | 1-25 |
| 26 | കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾ | 1-26 |
| | **ഭാഗം 2** | |
| 1 | വാടക കുടിശ്ശിക ഈടാക്കാത്തതിനാൽ നഷ്ടം ₹24,199/- | 2-1 |
| | **ഭാഗം 3** | |
| 1 | പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം രണ്ട് തവണ പിൻവലിച്ചത് - ₹15,510/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

11.02.2020-ലെ 5-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹2,46,82,505/- മുന്നിരിപ്പും ₹5,80,08,5 ₹8,19,37,423/- ചെലവും ₹7,53,582/- നീക്കിയിരിപ്പും ഉള്ള ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ ബജറ്റ് 18.02.2020-ലെ 1(1) നമ്പ പ്രകാരം ഭരണ സമിതിയുടെ അംഗീകാരം നേടി.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വ ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് ക സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാ എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നി രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.02.2020-ലെ 5-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ ക അംഗീകരിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു എന്നല്ലാതെ മറ്റ് വിശ ഒന്നും ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 20-ന് മറുപടി നല്കിയിട്ടില്ല.

ബജറ്റിൽ വിഭാവനം ചെയ്തതിലും അധികമായ വരവ് ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ചെലവോ ഏതിനത്തിലെങ്കിലും വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹ ലഭിച്ച തീയ |
|---|---|---|---|
| 31.07.2021 | 03.08.2021 | | |

## 1-3 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | -- | 9289665 | 9289665 | 8432016 | 857649 |
| വികസനഫണ്ട് – എസ്.സി.പി. | - | 2066000 | 2066000 | 2066000 | 0 |
| വികസനഫണ്ട് – ടി.എസ്.പി. | - | 381000 | 381000 | 217250 | 163750 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 6040000 | 6040000 | 5571027 | 468973 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | - | 2471000 | 2471000 | 2471000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | - | 3492000 | 3492000 | 3456681 | 35319 |
| ടോട്ടൽ സാനിട്ടേഷൻ | 1047321 | -- | 1047321 | - | 1047321 |
| ഐ.സി.ഡി.എസ്. | 137991 | 565750 | 703741 | 480394 | 223347 |
| ശുചിത്വ മിഷൻ | 205687 | 1588649 | 1794336 | 858086 | 936250 |
| ദേശീയ ആരോഗ്യമിഷൻ | 200000 | - | 200000 | - | 200000 |

| | | | | | |
|---|---|---|---|---|---|
| പശ്ചിമഘട്ട വികസനം | 269321 | - | 269321 | - | 269321 |
| സാക്ഷരത | 2105 | 67 | 2172 | - | 2172 |
| നിർമ്മൽ പുരസ്കാരം | 157510 | - | 157510 | - | 157510 |

ഹെഡ് നം. 320300199, 320800199 എന്നിവയിൽ, പദ്ധതിയിൽ വിവിധ ഗ്രാന്റ് തുകകൾ ഒരുമിച്ചെടുത്തിരിക്കുന്നതി ഗ്രാന്റിന്റെയും ഇനം തിരിച്ചെടുക്കുവാൻ സാധിക്കില്ല. ആയതിനാൽ ഹെഡ് നം. 20300199 1-3-ൽ ഉൾപ്പെടുത്തിയിട്ടില്ല. വിക ജനറൽ എസ്.സി.പി. ഇനങ്ങളിൽ സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെ ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ പ്രസ്തുത ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീക പ്രോജക്ടുക ശതമാ |
|---|---|---|---|---|---|---|
| 164 | 49129449 | 117 | 26166390 | 0 | 47 | 71.34 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 34 | 22 | 6434323 | 5205719 | 12 | 80.90 |
| 2. | അസി. എൻജിനീയർ | 67 | 43 | 17790130 | 7867054 | 24 | 44.22 |
| 3. | വെറ്ററിനറി സർജൻ | 13 | 13 | 3551275 | 2298321 | 0 | 64.71 |
| 4. | കൃഷി ഓഫീസർ | 4 | 4 | 371716 | 231716 | | 62.33 |
| 5. | എം. ഒ. സി. എച്ച്. സി. | 6 | 6 | 1418650 | 1350223 | | 95.17 |
| 6. | ഐ.സി.ഡി.എസ് | 5 | 5 | 3585000 | 3151507 | 0 | 87.90 |
| 7. | വി.ഇ.ഒ | 23 | 15 | 14929047 | 5463887 | 8 | 36.59 |
| 8. | എം. ഒ. ഹോമിയോ | 1 | 1 | 200000 | 200000 | 0 | 100 |
| 9. | ഹെഡ്മാസ്റ്റർ, യു. പി. സ്ക്കൂൾ | 1 | 1 | 10000 | 10000 | 0 | 100 |
| 10. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 749308 | 349308 | 0 | 46.61 |
| 11. | ഹെഡ്മാസ്റ്റർ, എൽ. പി. സ്ക്കൂൾ | 8 | 5 | 900007 | 38655 | 0 | 42.95 |
| | **ആകെ** | **164** | **117** | **49129449** | **26166390** | | **53.26** |

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം.

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 9135603 | 8432016 | 92.22 |
| | പട്ടിക ജാതി വിഭാഗം | 2241920 | 2066000 | 92.15 |
| | പട്ടിക വർഗ്ഗ വിഭാഗം | 477250 | 217250 | 45.52 |

| | | | | |
|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 8013152 | 5571027 | 69.52 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 3153259 | 767352 | 24.33 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 3500000 | 790000 | 22.57 |
| തനത് ഫണ്ട് | | 6782320 | 442256 | 6.52 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 1050000 | 460000 | 43.80 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 1549308 | 349308 | 22.54 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 8891000 | 2471000 | 27.79 |
| | റോഡിതരം | 4228522 | 3456681 | 81.74 |
| **മറ്റിനം** | | **5107115** | **1143500** | **22.39** |

ജില്ലാ ആസൂത്രണ സമിതിയുടെ 28/01/2021 തീയതിയിലെ 2127/20/DPC/DPO/IDK ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വ ആകെ 164 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 117 പ്രോജക്ടുകൾക്ക് ന വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരു ₹4,91,29,449/-ന്റെ 71.34% (₹2,61,66,390/-) മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ., അസി. എഞ്ചിനീയർ, കൃഷ് എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പി വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്ത കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വില നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 478146 | 901158 | 1379304 | 1379304 | |
| തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 22310304 | 22310304 | 22310304 | |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | | 7 |
| കർഷക തൊഴിലാളി പെൻഷൻ | 5056700 | 267 |
| വിധവാ പെൻഷൻ | 8560200 | 439 |
| വാർദ്ധക്യകാല പെൻഷൻ | 20453600 | 1104 |
| വികലാംഗ പെൻഷൻ | 2918800 | 152 |
| അവിവാഹിതർക്കുള്ള പെൻഷൻ | 385100 | 21 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2021-ന് സ്ഥാപന സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹79,432/- (എഴുപത്തി ഒൻപതിനായിരിത്തി നാനൂറ്റി മുപ്പത്തി രണ്ട് ( ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരി( നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും ( ഉദ്യോഗസ്ഥരും ഭരണ സമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്( സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരു സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവു രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട് എൻക്വയറികൾ നല്കിയതിൽ 16 എണ്ണത്തിന് മറുപടി നല്കിയിട്ടില്ല. യഥാസമയം ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി സെക്രട്ടറിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

### 1- 8-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്ഥേ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധ

### 1-8-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം ( ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയും നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ന വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ( കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

### 1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടു എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടു വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

### 1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

## 1-9 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉ

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115 | 1017236 |
| 2 | 320100120 | 200000 |
| 3 | 320100121 | 223347 |
| 4 | 320100199 | 269321 |
| 5 | 320200305 | 25000 |
| 6 | 320200309 | 2172 |
| 8 | 320200322 | 911250 |
| 9 | 320300103 | 30085 |
| 10 | 320300199 | 4644041 |
| 11 | 320400199 | 500000 |
| 12 | 320700204 | 468413 |
| 13 | 320700205 | 494 |
| 14 | 320800101 | 1415605 |
| 15 | 320800199 | 425801 |
| 16 | 320800202 | 10000 |
| 17 | 320900101 | 157510 |
| 18 | 350200301 | 387798 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേ സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ.(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തു സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി.എസ്.ബി. അ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)1 24.01.2019ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കുക 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമ പഞ്ചായത്തിന്റെ അ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേ

## 1-10 വാടക കുടിശ്ശികക്കാരന് വീണ്ടും കെട്ടിടം വാടകയ്ക്ക് നൽകി - നഷ്ടം ₹24,199/-

പഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ റോബർട്ട് പി. സി., പുത്തൻപുരയിൽ, മുതലക്കോടം എന്നയാൾക്ക ഗ്രാമപഞ്ചായത്ത് വക IV/65C എന്ന കെട്ടിടം പ്രതിമാസം ₹1,709+ ₹18% ജി.എസ്.ടി.-ക്ക് വാടകയ്ക്ക് നൽകിയിരുന്നു. എന്നാ

തൻവർഷം വാടക അടവാക്കിയിട്ടില്ല. എന്നാൽ മുദ്രപ്പത്രം വാങ്ങുകയോ എഗ്രിമെൻറ് ചമയ്ക്കുകയോ ചെയ്യിട്ടില്ല. മുൻ വർ കുടിശ്ശിക വരുത്തിയ വ്യക്തിക്ക് തന്നെ വീണ്ടും ടി കെട്ടിടം വാടകയ്ക്ക് നൽകിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് വി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/18.12.2021-ന് മറുപടി ഹാജരാക്കിയില്ല. കരാർ ചമയ്ക്കുക പോലും ചെ വർഷം കുടിശ്ശിക വരുത്തിയ വ്യക്തിക്ക് കെട്ടിടം വീണ്ടും വാടകയ്ക്ക് നൽകിയതിനാൽ കുടിശ്ശിക തുക ₹20,508 + GST ₹3,69 ₹205/- ഉൾപ്പടെ ₹24,199/- നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനത ഒടുക്കേണ്ടതാണ്.

## 1-11 പെർമിറ്റ് നൽകിയതിൽ കണ്ടെത്തിയ അപാകതകൾ

പഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കണ്ടെത്തി.

| ക്രമ നം. | പെർമിറ്റ് ലഭിച്ച വ്യക്തിയുടെ വിവരം | അപാകത | പെർമിറ്റ് നം./ തീയതി/കെട്ടിട നം./തീയതി |
|---|---|---|---|
| 1 | ഫ്രാൻസിസ്, ദൈവസഹായം | G1 വിഭാഗത്തിൽപ്പെട്ട കെട്ടിടത്തിന് ഫയർ എൻ.ഒ.സി. ഹാജരാക്കണമെന്ന കത്ത് നൽകിയെങ്കിലും പിന്നീട് NOC ഹാജരാക്കാതെ തന്നെ പെർമിറ്റ് റെഗുലറൈസ് ചെയ്ത് നമ്പർ നൽകി. | I/306-B/ 20-09-2019 |
| 2 | പോൾ എൻ. പി, നെടുങ്കല്ലേൽ | 93/2 സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകി. എന്നാൽ പൊസഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് കെട്ടിട പ്ലാൻ, ഉൾപ്പടെ എല്ലാ രേഖകളിലും 87/1 സർവ്വേ നമ്പറിലാണ് രേഖകൾ. | XII/57E14 മുതൽ 21/7-10-2020 വരെ ക്രമവൽക്കരിച്ചു. |
| 3 | ബിജു, നെടുങ്കല്ലേൽ കാരിക്കോട് | എന്നയാൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയപ്പോൾ ഗ്രൗണ്ട് ഫ്ലോർ 218.76x7 = ₹1,532/- ആണ് പെർമിറ്റ് ഫീ വാങ്ങിയത്. എന്നാൽ പോർച്ച് വിസ്തീർണ്ണത്തിന്റെ ഫീസായ 17.39x7 = ₹122/- വാങ്ങിയിരുന്നില്ല. പിന്നീട് 23-12-2021-ൽ ഇത് ആവശ്യപ്പെട്ട പ്രകാരം അടവാക്കിയിട്ടുണ്ട്. | ഏ-4/14/20-21/ 29-06-2020 |
| 4 | വൽസ, പുളിമൂട്ടിൽ, തെക്കുംഭാഗം | ആധാര പ്രകാരം 6.07 ആർ. ആണ് ടിയാളുടെ ആധാര പ്രകാരമുള്ള സ്ഥലം, അതിൻപ്രകാരം 200.36m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ FSI 0.33 ആണ്. എന്നാൽ കെട്ടിടത്തിന്റെ പ്ലാൻ സമർപ്പിച്ചതിൽ സ്ഥല വിസ്തീർണ്ണം 670m2 എന്നും FSI 0.299 എന്നും തെറ്റായി രേഖപ്പെടുത്തയത് അംഗീകരിച്ച് കെട്ടിടം റെഗുലറൈസ് ചെയ്ത് നൽകി. | ഏ-4/150/19-20/ 09-06-2020 |

പഞ്ചായത്തിൽ പെർമിറ്റ് ഫയലുകൾ ക്രമപ്രകാരം അടുക്കി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. കൂടാതെ അസി. എഞ്ചിനീയറു നിർമ്മാണ പെർമിറ്റ് റിപ്പോർട്ടിലും വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം അ നൽകിയ ഓഡിറ്റ് എൻക്വയറി 14/24-12-2021-ന് മറുപടി ഹാജരാക്കിയില്ല. കെട്ടിട നിർമ്മാണം, റെഗുലറൈസേഷൻ അശ്രദ്ധമായാണ് പഞ്ചായത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത് എന്നത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അ സംബന്ധിച്ച മറുപടി ഹാജരാക്കേണ്ടതാണ്.

## 1-12 ലേലം തുടർ നടപടികൾ ചെയ്യാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു

പഞ്ചായത്തിലെ 17-06-2019-ലെ 8/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം താഴെ സൂചിപ്പിക്കുന്ന പ്രകാരം സ്കൂൾ പുതുക്കിപ്പ ഉപയോഗശൂന്യമായ സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

| സ്കൂളിന്റെ പേര് | ഇനം/എണ്ണം | വാല്യുവേഷൻ ₹ | ആകെ ₹ |
|---|---|---|---|
| ശാസ്താംപാറ ഗവ. എൽ.പി. സ്കൂൾ | ഓട്/882<br>കമത്തോട്/29 | 3075<br>103 | 3178 |
| തൊണ്ടിക്കുഴ ഗവ. യു.പി. സ്കൂൾ | ഓട്/2307<br>കമത്തോട്/64 | 8036<br>205 | 8241 |

കൂടാതെ 14-07-20-ലെ 6/1, 2, 3 കമ്മിറ്റി തീരുമാന പ്രകാരം തൊണ്ടിക്കുഴ യു. പി. സ്കൂളിന്റെ ഉപയോഗശൂന്യമായ കെട്ടിടം പൊ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി കെട്ടിടം പൊളിച്ച് മാറ്റുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി കിട്ടിയതായും വാ എടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ചും നാളിതുവരെ നടപടികൾ ആയിട്ടില്ല.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാർശിച്ചിരുന്ന താഴെ സൂചിപ്പിക്കുന്ന വസ്തു വകകളുടെ ലേലം നാളിതുവരെ നടന്നിട്ടില്ല.

| ഇനം | തുക ₹ |
|---|---|
| ആഞ്ഞിലി മരം | 57000 |
| വാക മരം | 29000 |
| ആഞ്ഞിലി, മണിമരുത്, മരോട്ടി | 43000 |
| ആഞ്ഞിലി | 37000 |
| കമ്പി | 214200 |
| ആഞ്ഞിലി | 57000 |
| തേക്ക് | 62000 |
| വട്ട മരം | 5697 |

ഇത് സംബന്ധിച്ച് ലേല തുക കുറച്ച് നിബന്ധനകളോടെ ലേലം ചെയ്യുന്നതിന് 03-11-2021-ന് പഞ്ചായത്ത് ഡെപ്യൂട്ട് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അധികാരികൾ വളരെ ഉദാസീന ന കൈകൊണ്ടിരിക്കുന്നത്. നാളിതുവരെ ഈ ലേലവും നടത്തുന്നതിന് നടപടി ആയിട്ടില്ല. ബന്ധപ്പെട്ട അധികാരികളു നിന്നുള്ള വ്യക്തായ അലംഭാവമായാണ് ഇതിനെ ഓഡിറ്റ് വിലയിരുത്തുന്നത്. ലേലം നടത്താത്തത് സംബന്ധിച്ച ഓഡിറ്റ് ‹ നം.8/18-12-2021-ന് മറുപടി ഹാജരാക്കിയില്ല. മേൽ സൂചിപ്പിച്ച എല്ലാ ലേലങ്ങളും നടപടി ക്രമങ്ങൾ അടിയന്തിരമായി പൂ ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. തനത് ഫണ്ട് വരുമാനം കുറവായ ഇടവെട്ടി പഞ്ചായത്തിൽ വരുമാനദായകമാ നടപടികളിലുണ്ടായിട്ടുള്ള നിരന്തരമായ വീഴ്ചയിലേയ്ക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

**1-13 വൗച്ചറുകൾ ജനറേറ്റ് ചെയ്യാതെ തുകകൾ പിൻവലിച്ചത് ക്രമപ്രകാരമല്ല**

2020 ജൂൺ മാസത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ചെക്ക് മുഖേന പണം 01.06.2020 തീയതി പിൻവലിച്ചിട്ടുണ്ടെങ്കിലും വൗച്ചർ ജനറേറ്റ് ചെയ്തിരിക്കുന്നത് മാർച്ച് മാസത്തിൽ മാത്രമാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| ഇനം | വൗച്ചർനം./ തീയതി | ചെക്കനം./ തീയതി | ബാങ്ക് | തുക ₹ |
|---|---|---|---|---|
| പ്രസിഡന്റിന്റെ ഓണറേറിയം | 22000974/ 31.03.2021 | 2609102/ 01.06.2020 | റ്റി.എസ്.ബി. ഓൺ ഫണ്ട് അക്കൗണ്ട് | 9900 |
| വൈസ് പ്രസിഡന്റിന്റെ ഓണറേറിയം | 22000975/ 31.03.2021 | 2609102/ 01.06.2020 | റ്റി.എസ്.ബി. ഓൺ ഫണ്ട് അക്കൗണ്ട് | 7950 |

| | | | | |
|---|---|---|---|---|
| മെമ്പർമാരുടെ ഓണറേറിയം സ്റ്റാന്റിംഗ് കമ്മിറ്റി | 22000976/ 31.03.2021 | 2609102/ 01.06.2020 | റ്റി.എസ്.ബി. ഓൺ ഫണ്ട് അക്കൗണ്ട് | 12300 |
| മെമ്പർമാരുടെ ഓണറേറിയം | 22000977/ 31.03.2021 | 2609102/ 01.06.2020 | റ്റി.എസ്.ബി. ഓൺ ഫണ്ട് അക്കൗണ്ട് | 42000 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ജൂൺ മാസത്തിൽ തന്നെ വൗച്ചറുകൾ ജനറേറ്റ് ചെയ്യാത്തതിന് വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-14 പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം രണ്ട് തവണ പിൻവലിച്ചത് - ₹15,510/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല**

ഇടവെട്ടി ഗ്രാമ പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറുടെ 2020 ഒക്ടോബർ, 2020 ഡിസംബർ മാസങ്ങളിലെ വേതനം പിൻവലിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1) 2020 ഒക്ടോബർ**

| ക്രമ നം. | വൌച്ചർ നം./ തീയതി | തുക ₹ | ചെക്ക് നം./ തീയതി | തുക പിൻവലിച്ച തീയതി |
|---|---|---|---|---|
| 1 | 22000415/തീ. 15.11.2020 | 8250 | 12833/തീ. 01.11.2020 | 03.11.2020 |
| 2 | 22000704/തീ. 05.02.2021 | 4950 | 12821/തീ. 06.10.2020 | 06.10.2020 |

പാർട്ട് ടൈം സ്വീപ്പറുടെ ഒക്ടോബർ മാസത്തെ മസ്റ്റർ റോൾ പരിശോധിച്ചതിൽ ജീവനക്കാരിക്ക് ₹330/- വീതം 25 വേതനമായി ₹8,250/-യ്ക്കാണ് അർഹതയുള്ളത്. ഈ തുക ക്രമ നം. 1 വൌച്ചർ പ്രകാരം പാർട്ട് ടൈം സ്വീപ്പർക്ക് നൽകിയി എന്നാൽ വീണ്ടും ഫെബ്രുവരി 2021-ൽ ക്രമ നം. 2 പ്രകാരം പി.റ്റി.എസ്., കെ. ജി. ലീലയുടെ 10/20-ലെ വേതനമിനത്തിൽ ₹4,950/-, സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്കിന്റെ (ചെക്ക് നം. 12821/തീ. 06.10.2020) ആയി പിൻവലിച്ചിരിക്കുന്നു. 10/20-ലെ വേതനമിനത്ത യാണ് പി.റ്റി.എസ്.-ന് അർഹതയുള്ളെന്നിരിക്കെ അധികമായി പിൻവലിച്ച ₹4,950/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഒക്ടോ 6-ാം തീയതി ബാങ്കിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ച തുകയ്ക്ക് ഫെബ്രുവരി 5-ാം തീയതി വൗച്ചർ ജനറേറ്റ് ചെയ്ത വൌച്ചറിനൊപ്പം മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല.

**2) 2020 ഡിസംബർ**

| ക്രമ നം. | വൌച്ചർ നം./ തീയതി | തുക ₹ | ചെക്ക് നം./ തീയതി | തുക പിൻവലിച്ച തീയതി |
|---|---|---|---|---|
| 1 | 22000548/തീ. 04.01.2021 | 7920 | 12857/തീ. 04.01.2021 | 04.01.2021 |
| 2 | 22000547/തീ. 04.01.2021 | 1980 | 12857/തീ. 04.01.2021 | 04.01.2020 |
| 3 | 22000701/05.02.2021 | 8580 | 12847/തീ. 01.12.2020 | 02.12.2020 |

പാർട്ട് ടൈം സ്വീപ്പറുടെ ഡിസംബർ മാസത്തെ മസ്റ്റർ റോൾ പരിശോധിച്ചതിൽ ജീവനക്കാരിക്ക് ₹330/- വീതം 24 വേതനമായി ₹7,920/-യ്ക്കാണ് അർഹതയുള്ളത്. ഈ തുക ക്രമ നം. 1 വൌച്ചർ പ്രകാരം പാർട്ട് ടൈം സ്വീപ്പർക്ക് നൽകിയി എന്നാൽ വീണ്ടും ഫെബ്രുവരി 2021-ൽ ക്രമ നം. 2, 3 എന്നിവ പ്രകാരം പി.റ്റി.എസ്., കെ. ജി. ലീലയുടെ 12/20-ലെ വേതന യഥാക്രമം ₹1,980-, ആലക്കോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ (ചെക്ക് നം. 12821/തീ. 06.10.2020), ₹8,580/-, ആലക്കോട് സർ ഓപ്പറേറ്റിവ് ബാങ്കിന്റെ (ചെക്ക് നം. 12847/തീ. 01.12.2020)ആയി പിൻവലിച്ചിരിക്കുന്നു. 12/20-ലെ വേതനമിനത്തിൽ ₹8,250/-യാണ് ന് അർഹതയുള്ളെന്നിരിക്കെ അധികമായി പിൻവലിച്ച ₹10,560/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2020 ഡിസംബർ മാസം ഒന്ന ബാങ്കിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ച ₹8,580/-നും ഫെബ്രുവരി 5-ാം തീയതി വൗച്ചർ ജനറേറ്റ് ചെയ്തിരിക്കുന്നു. വൌച്ചറി റോൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകകൾ പി.റ്റി.എസ്. കൈപ്പറ്റിയതായി കാണിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടി വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.02.2022 ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അ പി.റ്റി.എസ്.-ന്റെ ശമ്പളമിനത്തിൽ അധികം പിൻവലിച്ച ₹15,510/- (4950+1980+8580) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇല്ലാത്ത ചെല തുക പിൻവലിക്കുന്നത് പണാപഹരണമായി കണക്കാക്കി തുടരന്വേഷണത്തിനും ഉചിതമായ ഭരണതല നടപടികൾക്കു ചെയ്യുന്നു.

**1-15 ലൈഫ് ഭവന പദ്ധതി**

പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാർ വെച്ച വർഷം | എഗ്രിമെന്റ് വെച്ച വരുടെ എണ്ണം | തറ പണി പൂർത്തിയായവർ | ലിന്റൽ പൂർത്തിയാക്കിയവർ | മേൽക്കൂര പൂർത്തിയാക്കിയവർ | ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ | ... നിർ... തുടങ്ങ... ... ... |
|---|---|---|---|---|---|---|
| 2019-20 | 9 | - | - | 2 | 7 | |
| 2020-21 | 16 | 1 | 1 | 4 | 9 | 1 (റസി... പൂരതെ... |

ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ അടിയന്തിരമായി അത് പൂർത്തീകരിയ്ക്കുന്നതിനും തുടങ്ങാത്ത വ്യക്തി... അഡ്വാൻസായി വാങ്ങിയ തുക തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-16 വാഹന വാടക പരിധിയിൽ അധികമായി ചെലവഴിച്ചത് -

സ.ഉ(സാധാ)നം.2493/2012/തസ്വഭവ./തീയതി. 03-09-2012 പ്രകാരം സ്വന്തമായി വാഹനമില്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാ... വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് തനത് ഫണ്ടിൽ നിന്ന് പ്രതിവർഷം ₹75,000/- ചെലവഴിക്കാവുന്നതാ... ഇടവെട്ടി ഗ്രാമപഞ്ചായത്ത് 2020-2021 വർഷം വാഹന വാടക ഇനത്തിൽ ₹88,250/- ചെലവഴിച്ചിട്ടുണ്ട്.

ചെലവുകൾ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക ₹ | ചെലവിനം | തടസ്സ കാരണം |
|---|---|---|---|---|
| 1 | 22000040/21.04.2020 | 8758 | എസ്.സ്ക്വയേർഡ് ടെക്നോളജി തൊടുപുഴയിൽ നിന്ന് ഡെസ്ക് ടോപ്പ് ക്യാബിനറ്റ് വാങ്ങിയതിന് നൽകിയത് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 2 | 22000041/21.04.2020 | 103000 | പഞ്ചായത്തിൽ പ്രിന്റർ വാങ്ങിയതിന് നൽകിയ തുക | ക്വട്ടേഷൻ, കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 3 | 22000067/08.05.2020 | 6517 | എൽ.ഐ.സി. അടക്കുന്നതിനായി മാറിയത് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 4 | 22000088/28.05.2020 | 4510 | എസ്.സ്ക്വയേർഡ് ടെക്നോളജി തൊടുപുഴയിൽ നിന്ന് മൗസ്, ഹെഡ്ഫോൺ തുടങ്ങിയവ വാങ്ങിയതിന് നൽകിയത് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 5 | 22000152/13.06.2020 | 1560 | പഞ്ചായത്ത് മാഗസിൻ വാങ്ങുന്നതിനായി തുക മാറിയത് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 6 | 22000153/13.06.2020 | 4230 | പ്രസിഡന്റ് - വാഹന വാടക നൽകുന്നതിനായി മാറിയത് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
